അദ്ധ്യയന വർഷത്തിന്റെ അവസാന ടേമിൽ നൽകുകയാണ് പതിവ്. എന്നാൽ ഫണ്ടിന്റെ അഭാവംമൂലം ചിലപ്പോൾ തുക അനുവദിച്ചുനൽകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇത്തരം സന്ദർഭങ്ങളിലാണ് കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത്.

(ഡി) കോഴ്സ് ഫീ ഒരു മാസത്തിനുള്ളിൽ ഒന്നിച്ചു നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല. ആനുകൂല്യത്തിനുള്ള അപേക്ഷ ലഭിച്ചശേഷം അർഹത പരിശോധിച്ച് അനുവാദം നൽകിയതിനുശേഷം മാത്രമേ ഫീസ് തുക അനുവദിച്ചു നൽകാൻ കഴിയുകയുള്ളൂ.

ജൈവക്കലവറകളുടെ സംരക്ഷണം

*21 [404] *ശ്രീ. ടി. വി. ചന്ദ്രമോഹൻ:*

,, *കെ. ബാബു:*

,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുനെസ്കോയുടെ അംഗീകാരം നേടിയ എത്ര ജൈവ കലവറകളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ബി) ഇത്തരം സ്ഥലങ്ങളിൽ മനുഷ്യന്റെ സാമീപ്യംമൂലം അവിടത്തെ പരിസ്ഥിതിക്ക് എന്തെങ്കിലും കോട്ടംതട്ടാനിടയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ മനുഷ്യസാമീപ്യം ഉണ്ടാക്കാതിരിക്കാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) സംസ്ഥാനത്ത് യുനെസ്കോ അംഗീകരിച്ച ജൈവസംരക്ഷണ മേഖലയാണ് നീലഗിരി ബയോസ്ഫിയർ റിസർവ്. ഈ ജൈവസംരക്ഷണ മേഖലയിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് വനംവകുപ്പ് നടപടികൾ എടുത്തിട്ടുണ്ട്. ഇവിടെ പ്രവേശിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. ഈ മേഖലയ്ക്കകത്തുനിന്ന് ഒരു സാധനവും വനംവകുപ്പിന്റെ അനുമതിയില്ലാതെ പുറത്തേക്ക് കൊണ്ടുപോകാൻ പാടില്ല.

(ബി) ഉണ്ട്.

(സി) വനംവകുപ്പ് പുറത്തുനിന്നുള്ള മനുഷ്യസാമീപ്യം നിയന്ത്രിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

GPM. 2/612/2012—7

LIBRARY ARCHIVES Kerala Legislative Assembly